I/73673/2022


# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**

**തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379**

**ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in**


BCDIR/A3/692/2022 തീയതി :28-12-2022

**ഭരണഭാഷ – മാതൃഭാഷ**

## വിജ്ഞാപനം

വിഷയം:- പി.വി.വി.വ – OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ് : 2022-23 ലെ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന :- 1) സ.ഉ.(സാധാ) നം.117/2022/പി.വി.വി.വ തീയതി, 09/12/2022

2) സ.ഉ.(സാധാ) നം.10/2014/പി.സ.വി.വ തീയതി, 23/05/2014

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for OBC's) എന്നതിന്റെ ഘടക പദ്ധതിയായി ഉൾപ്പെടുത്തിയും ആയതിന്റെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ സമൂല മാറ്റങ്ങൾ വരുത്തിയും കേന്ദ്രസാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ OBC, EBC വിഭാഗം വിദ്യാർത്ഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്കും സ്കൂൾ അധികൃതർക്കുമുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന OBC, EBC (Economically Backward Classes - പൊതു വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ) വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. മാർക്ക്, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒറ്റതവണയായി ഒരു വർഷം 4000/- രൂപ അക്കാദമിക് അലവൻസ് ഇനത്തിൽ ലഭിക്കും.
2. ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളും, പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ ആനുകൂല്യം അനുവദിക്കുന്നതിനാൽ ഒ.ഇ.സി. വിഭാഗം

വിദ്യാർത്ഥികളും, സൂചന 2 സർക്കാർ ഉത്തരവ് പ്രകാരം ഒ.ഇ.സി.ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ 30 സമുദായങ്ങളിലെ വിദ്യാർത്ഥികളും (ഒ.ബി.സി-എച്ച്) ഈ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതില്ല.

3. 2022-23 വർഷത്തേക്കുള്ള അപേക്ഷാഫാറത്തിന്റെ മാതൃക www.egrantz.kerala.gov.in, www.bcdd.kerala.gov.in എന്നീ വെബ്സൈറ്റുകളിലും എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് ഉപയോഗിക്കാവുന്നതാണ്).
4. കുടുംബ വാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കരുത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. സ്കൂൾ പ്രവേശന സമയത്ത് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തവരും, പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
7. വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക നേരിട്ട് വിതരണം ചെയ്യുന്നതിനാൽ ഈ പദ്ധതിക്കായി അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും അവരവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നിർബന്ധമായും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്ക് പാസ്സ്ബുക്കിൽ അക്കൗണ്ട് നമ്പർ, **IFSC** എന്നിവ ഉൾപ്പെടുന്ന ഭാഗത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
8. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
9. നിർദ്ദേശങ്ങൾ പൂർണ്ണമായി വായിച്ചതിനു ശേഷം മാത്രം അപേക്ഷാഫാറം പൂരിപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അധ്യാപകരുടെ സഹായം തേടാവുന്നതാണ്.
10. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭ്യമാകണമെന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉയർന്ന പഠന മികവിന്റേയും കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്.
11. അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കുന്ന അവസാന തീയതി - 16.01.2023
12. അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതോ അപൂർണ്ണമായതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ

1. 2021-22 വരെ സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്ക് 'ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്' എന്ന പേരിലുള്ള പദ്ധതി പ്രകാരം 1500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ചു വന്നിരുന്നു. എന്നാൽ നടപ്പ് വർഷം മുതൽ കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം അംഗീകരിച്ച് പ്രസിദ്ധീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയുടെ പേര് PM-YASASVI (OBC, EBC Prematric Scholarship) എന്ന് മാറ്റിയിട്ടുണ്ട്. കൂടാതെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന OBC & EBC വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരമുള്ള വർദ്ധിപ്പിച്ച നിരക്കിൽ (4000/- രൂപ) സ്കോളർഷിപ്പിന് (അക്കാദമിക് അലവൻസ്) അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അറിയിപ്പ് നൽകേണ്ടതാണ്. (OBC & EBC സമുദായങ്ങളുടെ പട്ടിക സ്കൂൾ അധികൃതരുടെ ഇ-ഗ്രാന്റ്സ് ലോഗിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ആവശ്യമെങ്കിൽ പ്രസ്തുത പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാവുന്നതാണ്).
2. അപേക്ഷാഫാറത്തിന്റെ മാതൃക നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും, എല്ലാ അപേക്ഷകർക്കും പരിഷ്കരിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതുമാണ്.
3. ആവശ്യമെങ്കിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
4. പൂരിപ്പിച്ച അപേക്ഷകൾ 16.01.2023 ന് വൈകിട്ട് 4 മണി വരെ സ്കൂളിൽ സ്വീകരിക്കാവുന്നതാണ്.
5. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്.
6. <u>9. 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മുൻവർഷത്തെ മാർക്ക് അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നത്. മുൻവർഷം വാർഷിക പരീക്ഷയില് 75% ഉം അതിൽ കൂടുതലും മാർക്ക് & ഹാജർ ഉള്ളവരേയും 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനം ഉള്ളവരേയുമാണ് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. അപ്രകാരമുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ മാത്രം ഇഗ്രാന്റ്സ് മുഖേന എന്റർ ചെയ്താൽ മതിയാകും. അപേക്ഷിച്ച എല്ലാവർക്കും സ്കോളർഷിപ്പ് ലഭ്യമാകണമെന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉയർന്ന പഠന</u>

മികവിന്റേയും കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്.

7. വരുമാനം, ജാതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്ട് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ ഇ-ഡിസ്ട്രിക്ട്പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പർ, സെക്യൂരിറ്റി കോഡ് എന്നിവ ഇ-ഗ്രാന്റ്സ് പോർട്ടലിൽ എന്റർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഓൺലൈനായി ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് തന്നെയാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.
8. ലഭ്യമായ അപേക്ഷകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി എൻട്രി ചെയ്യേണ്ടതാണ്. 31.01.2023 വരെ ഡാറ്റാ എൻട്രി നടത്താവുന്നതാണ്. ഡാറ്റാ എൻട്രിക്ക് സഹായകമാവുന്ന യൂസർ മാനുവൽ ഇ-ഗ്രാന്റ്സ് പോർട്ടൽ ലോഗിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡേറ്റാ എൻട്രി സംബന്ധമായ പ്രശ്നങ്ങൾ egrantz3.0helpline2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ മാത്രം അറിയിക്കേണ്ടതാണ്.
9. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിച്ച് അപേക്ഷാഫാറവും വരുമാന സർട്ടിഫിക്കറ്റും ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധനയ്ക്ക് നൽകേണ്ടതാണ്.
10. വിദ്യാർത്ഥികളുടെ ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ഇ - ഗ്രാന്റ്സ് പോർട്ടലിൽ കൃത്യമായി എന്റർ ചെയ്യുന്നതിൽ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും പണമിടപാട് നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട് ലൈവ് ആണെന്നും ഉറപ്പുവരുത്തേണ്ടതാണ്.
11. സമാന രീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല.
12. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുടെ ചുവടെ ചേർക്കുന്ന ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

I/73673/2022

| ഓഫീസ് | ഫോൺ |
|---|---|
| പി.വി.വി.വ മേഖലാ ആഫീസ്, കൊല്ലം<br>ഇമെയിൽ - bcddklm@gmail.com | 0474 2914417 |
| പി.വി.വി.വ മേഖലാ ആഫീസ്, എറണാകുളം<br>ഇമെയിൽ - ekmbcdd@gmail.com | 0484 2983130, 2429130 |
| പി.വി.വി.വ മേഖലാ ആഫീസ്,പാലക്കാട്<br>ഇമെയിൽ -bcddpkd@gmail.com | 0491 2505663 |
| പി.വി.വി.വ മേഖലാ ആഫീസ്, കോഴിക്കോട്<br>ഇമെയിൽ - bcddcalicut@gmail.com | 0495 2377786 2377796 |

(ഒപ്പ്)
ഡോ.വിനയ് ഗോയൽ ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്:

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
5. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന മുന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.
6. രജിസ്ട്രാർ, സി-ഡിറ്റ്
7. മാനേജർ, ഐ.ടി ഡിവിഷൻ - പി.വി.വി.വ
8. ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, ഇ-ഗ്രാന്റ്സ്
9. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
10. എല്ലാ DD/DEO/AEO മാർക്കും (ഇ-മെയിൽ മുഖേന)
11. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (അറിവിലേക്കായി)
12. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും - ഡി.ഇ.ഒ മുഖേന
13. നോട്ടീസ് ബോർഡ്/കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 28-12-2022 16:53:40
Reason: Approved

സീനിയർ സൂപ്രണ്ട്

അപേക്ഷാ നം:

കേരള സർക്കാര്

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

## 2022-23 ലെ ഒ.ബി.സി., ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര് :

2. രക്ഷിതാവിന്റെ പേര് :

3. വിദ്യാർത്ഥിയുമായുള്ള ബന്ധം :

4. മതം/ജാതി :

5. ക്ലാസ്സ്

6. അഡ്മിഷൻ നമ്പർ

7. ജനന തീയതി

8. ആൺ/പെൺ

9. രക്ഷിതാവിന്റെ വാർഷിക വരുമാനം

10. ആധാർ നമ്പർ

11.

| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) | പഠിക്കുന്ന സ്കൂളിന്റെ പേരും മേൽവിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) |
|---|---|
| | |
| മൊബൈൽ നം : | |

12. മുൻ വർഷത്തെ മാർക്ക്/ഗ്രേഡ് (ശതമാനത്തിൽ) :

13. ഭിന്നശേഷി ഉണ്ടോ? ഉണ്ടെങ്കിൽ തരം :

## രക്ഷിതാവിന്റെ സത്യപ്രസ്താവന

.................................................................................... സ്കൂളിൽ .................................... ക്ലാസിൽ പഠിക്കുന്ന ................................................................ എന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ രക്ഷിതാവായ ................................................................ എന്ന ഞാൻ, ............................................................ (മതം/ജാതി) എന്ന ഒ.ബി.സി/ഇ.ബി.സി സമുദായത്തിൽപ്പെട്ടയാളാണെന്നും, എന്റെ കുടുംബത്തിൽ നിന്നും 2 കുട്ടികളിൽ കൂടുതൽ പേർ ഈ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ അപേക്ഷയിലെ ഏതെങ്കിലും വിവരങ്ങൾ തെറ്റാണെന്ന് തെളിയിക്കപ്പെടുന്ന പക്ഷം അപേക്ഷകന് ലഭിക്കുന്ന തുക മുഴുവനായും തിരിച്ചടയ്ക്കാമെന്നും, നിയമപരമായ മറ്റ് നടപടികൾക്ക് വിധേയമായിക്കൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം :

തീയതി : വിദ്യാർത്ഥിയുടെ പേരും ഒപ്പും രക്ഷിതാവിന്റെ പേരും ഒപ്പും

*(മറുപുറം)*

**14. വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ**

**(അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിരിക്കണം – ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് ഹാജരാക്കണം)**

| | |
|---|---|
| ബാങ്കിന്റെ പേര് | |
| ബ്രാഞ്ച് | |
| അക്കൗണ്ട് ഹോൾഡറുടെ പേര് | |
| അക്കൗണ്ട് നമ്പർ | |
| IFS കോഡ് | |

## സാക്ഷ്യപത്രം

ഈ അപേക്ഷയിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനി മുൻ അധ്യയന വർഷം 75% ൽ കുറയാത്ത സ്കോർ/ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ടെന്നും, സമാനരീതിയിലുള്ള മറ്റ് സ്കോളർഷിപ്പുകളൊന്നും കൈപ്പറ്റുന്നില്ലായെന്നും, ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ സ്കൂൾ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : (ആഫീസ് മുദ്ര) സ്ഥാപന മേധാവിയുടെ പേരും ഒപ്പും